3. പദ്ധതിക്കാവശ്യമായ നിർമ്മാണ പദാർത്ഥങ്ങൾ മുതൽ പണി തീർന്നു കഴിഞ്ഞ റോഡുവരെ വിവിധ ഘട്ടങ്ങളിൽ പരിശോധനാവിധേയമാക്കുന്നു.

(ബി) ഇല്ല.

(സി) പൊതുമരാമത്ത് വകുപ്പിന്.

(ഡി) നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടം നിർവ്വഹിക്കുക, ഇവയുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക എന്നിവയാണ് പ്രധാന ചുമതലകൾ. കൺസൾട്ടന്റിന്റെ ചുമതലകൾ, നൽകിയ ഏജൻസിയുടെയും നൽകിയ ഫീസിന്റെയും വിശദവിവരം ചുവടെ ചേർക്കുന്നു:

നിർമ്മാണ പ്രവൃത്തി	*ഏജൻസിയുടെ പേര്*	*നൽകിയ ഫീസ്*
അപ്ഗ്രഡേഷൻ ഫേസ് 1	റൈറ്റ്സ്	10 കോടി രൂപ
ഹെവിമെയിന്റനൻസ് 1-ാം വർഷം (50%)	1. ഐ. സി. റ്റി. & ലാസ	2 കോടി രൂപ
(50%)	2. പി. ഡബ്ല്യു. ഡി.	. .
ഹെവി മെയിന്റനൻസ് 2-ാം വർഷം	പി. ഡബ്ല്യു. ഡി.	. .
ടെക്നിക്കൽ ആഡിറ്റിംഗ്	ഐ. സി. റ്റി.	1 കോടി രൂപ

കെ. എസ്. ടി. പി.-ക്ക് ലോകബാങ്കിൽ നിന്നും ലഭിച്ച സഹായം

108 [1334] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
,, ലൂഡി ലൂയിസ്:
,, കെ. മുഹമ്മദാലി:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിനുവേണ്ടി ലോകബാങ്കിൽ നിന്നും എന്തു തുക ലഭ്യമായി;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ പലിശ എത്ര; തിരിച്ചടവ് എന്ന് തുടങ്ങും; എത്രവർഷം കൊണ്ടാണ് തിരിച്ചടയ്ക്കേണ്ടത് എന്ന് വ്യക്തമാക്കുമോ;

(സി) തിരിച്ചടവ് പൂർത്തിയാകുമ്പോൾ എന്തു തുകയാണ് ആകെ അടയ്ക്കേണ്ടത്;

(ഡി) ഡോളറിലാണോ, ഇന്ത്യൻ രൂപയിലാണോ തിരിച്ചടയ്ക്കേണ്ടത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിനുവേണ്ടി ലോകബാങ്ക് അനുവദിച്ച 1250 കോടി രൂപയിൽ ഇതേവരെ 112.26 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ബി, സി & ഡി) വായ്പ തുക 11.5% പലിശ സഹിതം 15-6-2007 മുതൽ 15 വർഷംകൊണ്ട് തിരിച്ചടയ്ക്കണം. ലോകബാങ്ക് അനുവദിച്ച ധനസഹായത്തിൽ 70% വായ്പയും 30% ഗ്രാന്റുമാണ്. കേന്ദ്രസർക്കാർ വഴി സംസ്ഥാനത്തിനു ലഭിക്കുന്ന ധനസഹായത്തിൽ ഗ്രാന്റുകഴിച്ചുള്ള തുക പലിശയുൾപ്പെടെ ഡോളറിലാണ് തിരിച്ചടയ്ക്കേണ്ടത്. കേന്ദ്ര സർക്കാരാണ് വായ്പ തുക തിരിച്ചടയ്ക്കുന്നത്. തിരിച്ചടവ് പൂർത്തിയാകുമ്പോൾ 255 യു. എസ്. മില്യൺ ഡോളർ അടയ്ക്കേണ്ടതാണ്.

റോഡ് വികസനത്തിനുള്ള വായ്പകൾ

109 [1335] ശ്രീ. കോവൂർ കുഞ്ഞുമോൻ:

,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് വികസനത്തിനായി ഏതെല്ലാം ഏജൻസികളിൽ നിന്നും എത്ര തുക വീതം വായ്പ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ റോഡിനും എത്ര തുക വീതമാണെന്നും, ആയതിന് എത്ര ശതമാനം പലിശയാണെന്നും മറ്റ് ചാർജുകൾ എത്ര തുകയാണെന്നും വ്യക്തമാക്കുമോ; ആയതിന്റെ വ്യവസ്ഥകൾ ഉൾപ്പെട്ട കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) റോഡ് വായ്പ ഇനത്തിൽ ഓരോ ഏജൻസിക്കും സർക്കാർ പ്രതിമാസം എന്തുതുക തിരിച്ചടവ് നൽകേണ്ടതുണ്ട് എന്ന് വിശദമാക്കുമോ;

(ഡി) പുതുതായി എന്തു തുകയാണ് വായ്പയായി എടുക്കുന്നതെന്ന് വിശദമാക്കുമോ; ആയതിലേക്കായി കരാറിൽ ഒപ്പ് വെയ്ക്കുകയോ ചർച്ച നടത്തുകയോ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) തിരിച്ചടവിന്റെ ധനസമാഹരണം എങ്ങനെയാണെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly